LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകനെ പോലീസ് അസഭ്യം പറഞ്ഞ സംഭവം

51 [5195] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-6-2003 ചൊവ്വാഴ്ച ബസ്സിന്റെ ഫുട്ബോർഡിൽ യാത്ര ചെയ്ത ചില വിദ്യാർത്ഥികളെ നെയ്യാറ്റിൻകര എസ്.ഐ. അറസ്റ്റു ചെയ്ത വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അദ്ധ്യാപകർ ആരെങ്കിലും വന്നാൽ കുട്ടികളെ വിടാമെന്ന് എസ്.ഐ. നെല്ലിമൂട് ന്യൂ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലിനെ ഫോൺ ചെയ്ത് അറിയച്ചതിൻ പ്രകാരം സ്റ്റേഷനിൽ ചെന്ന ഫസലുദ്ദീനെന്ന അദ്ധ്യാപകനെ നെയ്യാറ്റിൻകര എസ്. ഐ. അസഭ്യം പറഞ്ഞതായും മർദ്ദിച്ചതായുമുള്ള വിവരം കാണിച്ച് സ്കൂൾ അധികൃതർ പരാതി സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് സമർപ്പിക്കപ്പെട്ട പരാതിയിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ത്രീകളേയും മറ്റും ശല്യം ചെയ്യുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര എസ്.ഐ.യും വനിതാ പോലീസുകാരുമുൾപ്പെടെ ബസ്സുകളിൽ നടത്തിയ പരിശോധനയിൽ 8 വിദ്യാർത്ഥികളേയും 6 മറ്റ് ചെറുപ്പക്കാരേയും പോലീസ് സ്റ്റേഷനിൽ കൂട്ടികൊണ്ടുവന്നിട്ടുള്ള സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) ഇത് സംബന്ധിച്ച് ശ്രീ. ഫസലുദ്ദീൻ നൽകിയ പരാതി അന്വേഷണാവസ്ഥയിലാണ്.

തീരദേശ മേഖലകളിൽ വർഗ്ഗീയ സംഘർഷം ഇല്ലാതാക്കാൻ പ്രചരണ പരിപാടി

52 [5196] ശ്രീ. കെ. കെ. ഷാജു:
,, ജോണി നെല്ലൂർ:
,, ഉമേഷ് ചള്ളിയിൽ:
,, ഷിബു ബേബിജോൺ:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശമേഖലകളിൽ വർഗ്ഗീയ സംഘർഷങ്ങളും മതങ്ങൾ തമ്മിൽ പരസ്പര വിശ്വാസമില്ലായ്മയും വർദ്ധിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരായി ജനങ്ങൾക്കിടയിൽ വ്യാപകമായ പ്രചാരണത്തിന് പബ്ലിക് റിലേഷൻസ് വകുപ്പുവഴി പ്രചരണ പരിപാടികൾ നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ ഇപ്പോൾ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?